നമ്പർ: പി.റ്റി(2) 6161/2005

സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 23/3/05.

സർക്കുലർ നമ്പർ 7/05

വിഷയം: സഹകരണവീഥി 2005-2006 മുതൽ 2010-2011 വരെയുള്ള വരിസംഖ്യ പുതുക്കുന്നതും പുതിയ വരിക്കാരെ ചേർക്കുന്നതും, പരസ്യങ്ങൾ അയച്ചു തരുന്നതും സംബന്ധിച്ച്.

സഹകരണവകുപ്പ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രതിമാസ പ്രസിദ്ധീകരണമായ സഹകരണവീഥി മാസികയുടെ 2005-2006 മുതൽ 2010-2011 വരെയുള്ള അഞ്ചു വർഷത്തെ വരിസംഖ്യ പുതുക്കുന്നതും പുതിയ വരിക്കാരെ ചേർക്കുന്നതും പരസ്യങ്ങൾ അയച്ചു തരുന്നതും സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1) സഹകരണവീഥിയുടെ 2005-2006 മുതൽ 2010-2011 വരെയുള്ള വരിസംഖ്യ ഇപ്പോൾ തുടർന്നു വരുന്ന പോലെ 5 വർഷത്തേയ്ക്ക് ഒരുമിച്ച് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിരിക്കുകയാണ്. 5 വർഷത്തേക്കുള്ള വരിസംഖ്യ മാസികയുടെ വരും കാലങ്ങളിൽ ഉണ്ടായേക്കാവുന്ന അച്ചടി കൂലി തപാൽ ചെലവ് എന്നിവയിലുള്ള വർദ്ധനവ് കൂടി കണക്കിലെടുത്തുകൊണ്ട് മൊത്തം 600/- രൂപ വീതം ഓരോ വരിക്കാരനിൽ നിന്നും പിരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

2) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ നിലവിലുള്ള കണക്കു പ്രകാരം 12400 പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾ കേരളത്തിലൊട്ടാകെ ഉണ്ട്. എന്നാൽ ഇപ്പോഴത്തെ വരിക്കാരുടെ എണ്ണം വെറും 4800 മാത്രമാണ്. അതിനാൽ പരമാവധി സംഘങ്ങളെ വരിക്കാർ ആക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലുമുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ എല്ലാ ബ്രാഞ്ചുകളെയും പ്രൈമറി സംഘങ്ങൾ, അർബൻ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയുടെ എല്ലാ ബ്രാഞ്ചുകളെയും കൂടാതെ സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ അല്ലാത്തതും എന്നാൽ സഹകരണ വകുപ്പിൽ നിന്നും ഓഡിറ്റ് നടത്തുന്നതുമായ സംഘങ്ങളെ കൂടി വരിക്കാർ ആക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കർശന നിർദേശം നൽകേണ്ടതുമാണ്.

3) മേൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഓരോ ജില്ലയിൽ നിന്നും വരിക്കാരാകേണ്ട ഏറ്റവും കുറഞ്ഞ സംഘങ്ങളുടെ എണ്ണം താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ജില്ല | | വരിക്കാർ ആകേണ്ട സംഘങ്ങളുടെ എണ്ണം (ഏറ്റവും കുറഞ്ഞത്) |
|---|---|---|
| 1) | തിരുവനന്തപുരം | 1000 |
| 2) | കൊല്ലം | 1000 |
| 3) | പത്തനംതിട്ട | 500 |
| 4) | ആലപ്പുഴ | 1000 |
| 5) | കോട്ടയം | 900 |
| 6) | ഇടുക്കി | 350 |
| 7) | എറണാകുളം | 1000 |
| 8) | തൃശൂർ | 1000 |
| 9) | പാലക്കാട് | 500 |
| 10) | മലപ്പുറം | 500 |
| 11) | കോഴിക്കോട് | 800 |
| 12) | വയനാട് | 200 |
| 13) | കണ്ണൂർ | 1000 |
| 14) | കാസർഗോഡ് | 250 |

4) വരിസംഖ്യ സഹകരണസംഘം രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരത്ത് മാറ്റാവുന്ന വിധത്തിൽ 600/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി വേണം അയച്ചു തരേണ്ടത്. ചെക്കോ മണി ഓർഡറോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5) മേൽപ്പറഞ്ഞ ടാർജറ്റ് പ്രകാരമുള്ള വരി സംഖ്യ പിരിച്ചെടുക്കുന്നതിനുള്ള അവസാന തീയതി 30/4/05 ആയി നിജപ്പെടുത്തിയിട്ടുണ്ട്.

6) വരിസംഖ്യ ഇനത്തിൽ ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകളെല്ലാം വരിക്കാരുടെ പൂർണമായ മേൽവിലാസം സഹിതം (പിൻ കോഡ് ഉൾപ്പെടെ) ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതും വരിക്കാരുടെ വിവരങ്ങൾ നിർദ്ദിഷ്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വരിക്കാരുടെ പൂർണ മേൽവിലാസം കഴിയുന്നതും ടൈപ്പു ചെയ്ത് (അല്ലെങ്കിൽ വ്യക്തമായി വായിക്കാൻ സാധിക്കുന്ന വിധത്തിൽ) അയച്ചു തരുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. മാസിക കൃത്യമായി ലഭിക്കുന്നതിനും, പരാതികൾ ഒഴിവാക്കുന്നതിനും പിൻകോഡ് ഉൾപ്പെടെയുള്ള പൂർണമായ മേൽ വിലാസത്തോടുകൂടി വേണം മാസിക പോസ്റ്റാഫീസിൽ നൽകേണ്ടതെന്ന് തപാൽ വകുപ്പ് മേധാവികൾ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

7) സഹകരണ വീഥിയുടെ ജില്ലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച നടപടികൾക്കായി ജോയിന്റ് രജിസ്ട്രാർ (ജനറൽ) ചെയർമാനും, ജോയിന്റ് രജിസ്ട്രാർ (ആഡി

റ്റ്), കൺവീനറും താലൂക്കുകളിലെ ആഡിറ്റ്, ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാരും, ജോയിന്റ് രജിസ്ട്രാർ ആഫീസിലെ ഭരണം, പ്ളാനിങ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാരും അംഗങ്ങളുമായി ഒരു കമ്മറ്റി എല്ലാ ജില്ലകളിലും ഇപ്പോൾ നിലവിലുണ്ട്. ഈ സർക്കുലർ നിർദേശങ്ങൾ നടപ്പാക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനുമായി ഈ കമ്മിറ്റി അടിയന്തി രമായി യോഗം ചേരേണ്ടതും സഹകരണ വീഥിയുടെ ടാർജറ്റ് പ്രകാരമുള്ള വരിസംഖ്യ പിരിവ് പൂർത്തിയാകുന്നതുവരെ രണ്ടാഴ്ചയിൽ ഒരിക്കൽ യോഗം കൂടി പുരോഗതി വിലയിരു ത്തേണ്ടതും മിനിട്ട്സ് ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

8) സഹകരണവീഥിയുടെ വരിസംഖ്യാ പിരിവിലും പരസ്യങ്ങൾ ശേഖരിക്കുന്നതിലും താലൂ ക്കുകളിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നും അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്)നും അവ രുടെ നിയന്ത്രണത്തിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും തുല്യ പങ്കാളിത്തം ഉണ്ടാകണമെന്ന് ഈ ആഫീസിൽ നിന്നും മുൻകാലങ്ങളിൽ അറിയിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ ഈ ഊർജ്ജിത വരിസംഖ്യ പിരിവിലും, പരസ്യങ്ങൾ വാങ്ങി അയയ്ക്കുന്ന കാര്യത്തിലും എല്ലാ ഉദ്യോഗസ്ഥൻമാരുടേയും സഹകരണവും പ്രവർത്തനവും ഉണ്ടാകേണ്ടതാണ്.

9) ജില്ലാ തല കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചെയർമാനും, അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്) കൺവീന റും, ജനറൽ വിഭാഗത്തിലെയും, ആഡിറ്റ് വിഭാഗത്തിലെയും ഓഫീസ് സൂപ്രണ്ടുമാരും, രണ്ട് ഇൻസ്പെക്ടർ/ആഡിറ്റർമാർ അടങ്ങുന്ന താലൂക്കുതല കമ്മറ്റിയും ഉടനെ രൂപീകരിച്ച് ത്വരിത ഗതിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവലോകന റിപ്പോർട്ട് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണെന്ന് മുൻകാലങ്ങളിൽ അറിയിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കമ്മറ്റി യുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്.

10) ഓരോ ജില്ലയിൽ നിന്നും ഒരു മാസത്തിൽ ഒരു പരസ്യമെന്ന കണക്കിൽ കുറഞ്ഞത് 10 പരസ്യമെങ്കിലും ഒരു വർഷത്തിൽ ഒരു ജില്ലയിൽ നിന്നും ലഭിച്ചിരിക്കേണ്ടതും പരസ്യം ലഭി ക്കുന്ന മുറയ്ക്ക് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

11) വരിസംഖ്യ പിരിവിനുള്ള രസീത് പുസ്തകം ജില്ലയിൽനിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അയച്ച് തരുന്നതാണ്.

12) ഈ പദ്ധതിയുടെ കാലാവധി 2005 ജൂൺ മുതൽ 2011 മേയ് വരെയുള്ള 60 മാസത്തേയ്ക്കു ള്ളതാണ്. പ്രസ്തുത 5 വർഷത്തെ കാലയളവിലേയ്ക്കുള്ള വരിസംഖ്യ 600/- രൂപ ഉയർത്തി യതിന്റെ അടിസ്ഥാനത്തിൽ സഹകരണവീഥിയുടെ ഒരു വർഷത്തെ വരിസംഖ്യ 140 ആയും സഹകരണവീഥിയുടെ ഒരു പ്രതിയുടെ വില 12 രൂപയായും നിശ്ചയിച്ചിട്ടുണ്ട്.

13) വരിസംഖ്യയ്ക്കുള്ള ഡ്രാഫ്റ്റും, മെയിലിംഗ് ലിസ്റ്റും, രസീതിന്റെ കോപ്പിയും ചേർത്ത് 30/4/05നു മുമ്പായി ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. എന്നാൽ മാത്രമേ വരിക്കാരുടെ മെയിലിംഗ് ലിസ്റ്റ് തയ്യാറാക്കി, പ്രിന്റ് ചെയ്ത് പദ്ധതി ആരംഭിക്കുന്ന 2005 ജൂൺ മാസം മുതൽ മാസിക വരിക്കാർക്ക് നൽകാൻ സാധിക്കുകയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തു ന്നു.

14) മേൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചുള്ള സംശയങ്ങൾക്കു സഹകരണസംഘം രജിസ്ട്രാറുടെ ഓഫീസിലെ സഹകരണവീഥി എഡിറ്ററെയോ പി.റ്റി. സെക്ഷനെയോ ജോയിന്റ് രജിസ്ട്രാർ എസ് സി/എസ്റ്റി, അഡിഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്) എന്നീ ഉദ്യോഗസ്ഥൻമാരുമായോ ബന്ധപ്പെടാവുന്നതാണ്.

15) ഈ സർക്കുലറിലെ എല്ലാ കാര്യങ്ങളും പാലിക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

16) ഈ സർക്കുലർ കൈപ്പറ്റിയ വിവരം ഉടനെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്.

പകർപ്പുകൾ.

1) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും.
2) ഈ ആഫീസിലെ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
3) ഈ ആഫീസിലെ എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും.
4) ഈ ആഫീസിലെ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.
5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ ആന്റ് ആഡിറ്റ്) മാർക്കും.
6) എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ ആന്റ് ആഡിറ്റ്)മാർക്കും.
7) ലാ ഓഫീസർ.
8) ഫിനാൻസ് ഓഫീസർ.
9) എഡിറ്റർ, സഹകരണവീഥി.
10) പി.റ്റി. സെക്ഷൻ.
11) സ്റ്റോക്കു ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

കെ.ജെ. 28/3/05